## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1680

22.03.2012 ൽ മറുപടിയ്ക്ക്

# ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾ

**ചോദ്യം**

ശ്രീ. കെ.എൻ.എ. ഖാദർ:

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി.

| | | | |
|---|---|---|---|
| എ. | ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ കൂട്ടത്തിൽ മലപ്പുറത്തെ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. | ഉണ്ട്. |
| ബി. | ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾ കണ്ടെത്താൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി. & സി. | കേന്ദ്രഗവൺമെന്റിന്റെ പുതിയ തീരുമാനം അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ പാക്കേജിൽ ജില്ലകൾക്ക് പകരം ബ്ലോക്കുകളെയാണ് പരിഗണിക്കുന്നത്. ഇതു പ്രകാരം കേരളത്തിലെ പതിനാല് ജില്ലകളിലേയും ന്യൂനപക്ഷ കേന്ദ്രീകൃതങ്ങളായ 50 ബ്ലോക്കുകളെ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് തെരഞ്ഞെടുക്കുകയും പ്രസ്തുത ബ്ളോക്കുകളുടെ ലിസ്റ്റ് ജില്ലാ കളക്ടർമാരുടെ അഭിപ്രായത്തിനായി അയച്ചിരിക്കുകയുമാണ്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ വികസനത്തിനായുള്ള MSDP പദ്ധതി ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക വഴി ആ പ്രദേശങ്ങളേയും ജനതയേയും ദേശീയ ശരാശരിയിലേക്ക് ഉയർത്തിക്കൊണ്ടു വരിക എന്നതാണ് ലക്ഷ്യമിടുന്നത്. പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ നടത്തുന്ന അടിസ്ഥാന സ്ഥിതി വിവര സർവ്വേകളിൽ കണ്ടെത്തുന്ന വികസനവിടവുകൾ നികത്തുന്നതിനുള്ള പദ്ധതികളാണ് ഈ പരിപാടിയിൽ കേന്ദ്ര സഹായത്തിനായി പരിഗണിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യം, ശുചിത്വപരിപാലനം, വാസയോഗ്യമായ വീട്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ മേഖലയിലെ ആസ്തികളുടെ നിർമ്മാണം, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള വരുമാനദായകമായ പ്രവർത്തികൾ തുടങ്ങിയവ ഈ പദ്ധതികളുടെ ഭാഗമാണ്. |
| സി. | ഉണ്ടെങ്കിൽ ശ്രമങ്ങൾ ഏതുവരെ യായി; പ്രസ്തുത ജില്ലകൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ